വിദേശസഹായ പദ്ധതികൾ	2001-2002	2002-2003	2003-2004	2004-2005
നാഷണൽ ഹൈഡ്രോളജി പ്രോജക്ട് (SW)	3.02	3.14	1.28	0.41
കേരള വന വൽക്കരണ പദ്ധതി	22.23	28.52	33.65	..
കേരള സംസ്ഥാന ഗതാഗത പദ്ധതി	..	66.05	118.26	233.78
കേരള ഉൾനാടൻ ഗതാഗത നവീകരണ പദ്ധതി	..	..	..	..
കേരള വാട്ടർ സപ്ലൈ പ്രോജക്ട്	..	-4.95	11.10	19.06
സാങ്കേതിക ഗുണ നിലവാരം മെച്ചപ്പെടുത്തൽ പദ്ധതി	..	..	1.00	10.02
എ.ഡി.ബി. (എം.ജി.പി. ആന്റ് എഫ്.ആർ.)	..	575	185.02	88.06
ആകെ	**30.50**	**710.20**	**452.20**	**419.90***

*ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിന്റെ താൽക്കാലിക കണക്കുപ്രകാരം.

മഹിളാ പ്രധാൻ ഏജന്റുമാരുടെ ബോണസ്

13 [3266] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മഹിളാ പ്രധാൻ ഏജന്റുമാർക്ക് നൽകിവന്നിരുന്ന ബോണസിന്റെ നിരക്ക് കുറയ്ക്കാൻ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) പുതിയ ഉത്തരവ് പ്രകാരം നിക്ഷേപത്തുകയുടെ എത്ര ശതമാനമാണ് ബോണസ് നൽകുന്നത്;

(സി) ഇതിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപവരെ എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഉത്തരവ് ഉണ്ടാകുന്നതിന് മുൻപുവരെ എത്ര ശതമാനമാണ് ബോണസ് നൽകിവന്നിരുന്നത്; ഇതിന് പരിധി നിശ്ചയിച്ചിരുന്നോ;

(ഇ) എന്തു സാഹചര്യത്തിലാണ് ബോണസിന്റെ നിരക്ക് കുറയ്ക്കാൻ സർക്കാർ ഉത്തരവിറക്കിയതെന്ന് വ്യക്തമാക്കാമോ;

(എഫ്) ദേശീയ സമ്പാദ്യപദ്ധതിയിൽ കാലാവധി എത്തുന്ന ആർ. ഡി. നിക്ഷേപത്തിന്റെ നല്ല പങ്കും സ്ഥിരനിക്ഷേപമായി മാറുന്നുണ്ട് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. [എന്നാൽ ജി.ഒ. (പി) നമ്പർ 333/2005/ധന. തീയതി 19-7-2005 ഉത്തരവ് പ്രകാരം ബോണസ് പരിധിയില്ലാതെ പഴയ നിരക്കിൽ പുനഃസ്ഥാപിച്ചിട്ടുണ്ട്.]

(ബി) 1%.

(സി) ഉണ്ട്. 15,000 രൂപ.

(ഡി) 1.25%. പരിധിയില്ലായിരുന്നു.

(ഇ) ധനസമാഹരണത്തിനായി സംസ്ഥാന സർക്കാരിന് വളരെ വലിയ സാമ്പത്തിക ബാധ്യത ഏറ്റെടുക്കേണ്ടി വരുന്നതിനാലും മറ്റ് സംസ്ഥാനങ്ങളിലില്ലാത്ത വിധം നിലവിലും മെച്ചപ്പെട്ട വേതനം ഏജന്റുമാർക്ക് ലഭിക്കുന്നുണ്ട് എന്ന ഉറപ്പുള്ളതിനാലാണ് ഈ കുറവ് വരുത്തിയത്.

(എഫ്) ഉണ്ട്.

മഹിളാ പ്രധാൻ ഏജന്റുമാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ച നടപടി

14 [3267] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹിളാ പ്രധാൻ ഏജന്റുമാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചുകൊണ്ട് 15-6-2005-ൽ 282/2005 എന്ന നമ്പരിൽ ധനകാര്യ വകുപ്പ് പുറത്തിറക്കിയ ഉത്തരവ് സർക്കാർ പുനഃപരിശോധന നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വെട്ടിക്കുറച്ചുകൊണ്ട് സർക്കാർ ഇറക്കിയ ഉത്തരവ് പിൻവലിച്ചതിന്റെ ഫലമായി ഏതെല്ലാം ആനുകൂല്യങ്ങൾ ഇവർക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ;

(സി) ടി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly